**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 2 ഭരണഭാഷ മാതൃഭാഷ 2018 സെപ്തംബർ 12 ബുധൻ**

---

# ബോട്ട് ക്യാമ്പയിൻ ആരംഭിച്ചു.

ആലപ്പുഴ:ജില്ല മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ എലിപ്പനി,വയറിളക്ക രോഗങ്ങൾക്കെതിരെ ബോട്ടുവഴി ബോധവൽക്കരണം ആരംഭിച്ചു. കൈനകരി, നെഹ്റു ട്രോഫി വാർഡ് എന്നീ സ്ഥലങ്ങളിൽ മൈക്ക് അനൗൺസ്മെന്റ്, ബോധവൽക്കരണ ക്ളാസ് ,നോട്ടീസ് വിതരണം എന്നിവയാണ് ആദ്യദിവസം നടത്തിയത്. കൈനകരിയിൽ ഭക്ഷണ വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിലെല്ലാം ആരോഗ്യ വകുപ്പ് മാസ് മീഡിയ സംഘം ബോധവൽക്കരണ ക്ലാസ് നടത്തി. റോഡ് മാർഗം എത്താൻ കഴിയാത്ത കുട്ടനാടൻ പ്രദേശങ്ങളിലെല്ലാം വരും ദിവസവും ബോട്ട് വഴിയുള്ള ബോധവൽക്കരണ ക്ലാസ് തുടരും.പുളിങ്കുന്ന്, കാവാലം,ചമ്പക്കുളം പ്രദേശങ്ങളിലാണ് അടുത്ത ക്യാമ്പയിൻ.

# പ്രളയ ബാധിതർക്ക് ശ്രീഅഭയം പദ്ധതിയുമായി ആർട്ട് ഓഫ് ലിവിംഗ്

ചെങ്ങന്നൂർ : കേരളത്തിന്റെ പുനരുദ്ധാരണ വികസനപദ്ധതിക്ക് ശ്രീശ്രീരവിശങ്കറിന്റെ നേതൃത്വത്തിലുള്ള ആർട്ട് ഓഫ് ലിവിംഗിന്റെ കൈത്താങ്ങ്. ആർട് ഓഫ് ലിവിംഗ് ഫൗണ്ടേഷൻ വകയായി ശ്രീഅഭയം എന്നുപേരിട്ടിരിക്കുന്ന കർമ്മപദ്ധതി 15 മുതൽ കേരളത്തിൽ നടപ്പാക്കുമെന്ന് ആർട് ഓഫ് ലിവിംഗ് കേരളസംസ്ഥാന ചെയർമാൻ എസ്.എസ് .ചന്ദ്രസാബു പറഞ്ഞു. ചെങ്ങന്നൂരിലെ പാണ്ടനാടിന് പുറമേ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ,ഇടുക്കി ജില്ലയിലെ കോഴിലാക്കുടി ,പത്തനംതിട്ടയിലെ അട്ടത്തോട് എന്നീ വനവാസ മേഖലകളിലും ശ്രീഅഭയം പദ്ധതി പ്രകാരം സഹായം നൽകും.ആരോഗ്യം , ശുചിത്വം, വിദ്യാഭ്യാസം എന്നീ മേഖലകളുടെ സമഗ്ര വികസനത്തിനായി മെഡിക്കൽ ക്യാമ്പുകൾ ,ദുരിത ബാധിതരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അവരെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനുമാവശ്യമായ ട്രോമാ റിലീഫ് ശിൽപ്പശാലകൾ ,കൗൺസിലിങ് എന്നിവ പദ്ധതി പ്രകാരം ലഭ്യമാക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ''ശ്രീഅഭയം 'പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9447463491.

# രക്ഷാപ്രവർത്തകരെ ആദരിച്ചു

ചെങ്ങന്നൂർ: ഉമയാറ്റുകര പള്ളിയോടത്തെ നീരണിയിക്കുന്ന ചടങ്ങിലും രക്ഷാപ്രവർത്തകർക്ക് ആദരവ്. ചെങ്ങന്നൂർ സി.ഐ. എം.സുധി ലാൽ, എസ്.ഐ ശ്രീകാന്ത് എസ് നായർ, ബിജു വി.എസ്, സിവിൽ പൊലീസ് ഓഫീസർമാരായ ഷൈബു, രാജഗോപാൽ, പ്രവീൺ, ബാലകൃഷ്ണൻ തുടങ്ങിയവരേയും ഡോ.ഷേർളി പുതുമന, ഡോ.സേതുലക്ഷ്മി, ഡോ.ആർ ഉണ്ണികൃഷ്ണൻ, ശംഭുനമ്പൂതിരി (ഫയർ ഫോഴ്സ് ) എന്നിവരേയും ചടങ്ങിൽ ആദരിച്ചു. .സജി ചെറിയാൻ എം.എൽ.എ, ചലച്ചിത്ര താരം ബാല, എൻ.എസ.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് പി.എൻ സുകുമാരപണിക്കർ തുടങ്ങിയവരാണ് രക്ഷാപ്രവർത്തകർക്ക് ഉപഹാരവും, പൊന്നാടയും നൽകി ആദരിച്ചത്. ഉമയാറ്റുകര പള്ളിയോട ട്രസ്റ്റ് നൽകിയ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന സി.ഐ എം.സുധിലാൽ ഏറ്റുവാങ്ങി.

## വെള്ളാപ്പള്ളി നടേശൻ ഒരു കോടി രൂപ വാഗ്ദാനം ചെയ്തു: മന്ത്രി സുധാകരൻ

ആലപ്പുഴ: എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഒരുകോടി രൂപ വാഗ്ദാനം ചെയ്തതായും തുക കായങ്കുളത്ത് കൈമാറുമെന്നും പൊതുമരാമത്തുമന്ത്രി ജി.സുധാകരൻ അറിയിച്ചു. ചിട്ടി സ്ഥാപന ഉടമകളും സന്മനസ്സോടെ സഹായിക്കാൻ തയ്യാറാകുന്നുണ്ട്. ദുരന്തത്തിൽ കാര്യമായി സഹായിച്ചിട്ടില്ലാത്ത ഹൗസ്ബോട്ട് ഉടമകളിൽ നിന്നും കാര്യമായ സംഭാവനയാണ് പ്രതീക്ഷിക്കുന്നത്. ജില്ലയിൽ വീടുകൾക്ക് ഉണ്ടായ വൻ നാശനഷ്ടം ഒഴിവാക്കിയാൽ മറ്റെല്ലാ വകുപ്പുകൾക്കും കൂടി 3690 കോടി 49 ലക്ഷം രൂപയുടെ നാശനഷ്ടമാണ് കണക്കാക്കുന്നത്. 4619 വീടുകൾ ജില്ലയിൽ പൂർണ്ണമായി തകർന്നു . 20911 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

പ്രളയക്കെടുതിക്ക് ആശ്വാസമേകാൻ ജില്ലയിലെ ആരാധനാലയങ്ങൾ മറ്റൊരിക്കലും ഇല്ലാത്ത വിധം മുന്നോട്ടുവരുന്നതായി മന്ത്രി പി തിലോത്തമൻ പറഞ്ഞു. എല്ലാ വിശ്വാസികളുടെയും ആരാധനാലയങ്ങൾ ഇതിൽ താൽപ്പര്യം കാണിക്കുന്നുണ്ട്. കുട്ടനാട്ടിലെ 118ൽ 117 റേഷൻകടകളും വെള്ളത്തിലായി. ആയിരത്തിലേറെ എണ്ണം സംസ്ഥാനത്ത് നാശം നേരിട്ടു . ഇതൊക്കെയാണെങ്കിലും കേരളത്തിലങ്ങോളമിങ്ങോളം തുറന്ന ക്യാമ്പുകളിൽ പരാതികളില്ലാതെ ഭക്ഷണം എത്തിക്കാൻ ഭക്ഷ്യവകുപ്പിന് കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

## രേഖകൾ നഷ്ടപ്പെട്ടവർക്കായി അദാലത്ത്

ആലപ്പുഴ: കുട്ടനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ രേഖകൾ തിരിച്ചു കിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്തുമെന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മന്ത്രിമാരെ സഹായിക്കുന്നതിനായി നിയമിതനായ സ്പെഷൽ ഓഫീസർ നികുതി വകുപ്പ് സെക്രട്ടറി പി.വേണുഗോപാൽ പറഞ്ഞു. ഒക്ടോബർ മൂന്നുമുതൽ അദാലത്ത് നടത്താനാണ് തീരുമാനം. ഇതിന് ഉടനെ അപേക്ഷ ക്ഷണിക്കും. എല്ലാറ്റിനും കൂടി ഒരു അപേക്ഷാഫോറം ആണ് ഉദ്ദേശിക്കുന്നത്. ഓൺലൈനായി അപേക്ഷിക്കാനും അവസരമുണ്ടാവും. അക്ഷയ ,പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷ സ്വീകരിക്കാനുള്ള

നടപടിയുമുണ്ടാകും.

## 10,000 രൂപ അർഹതയുള്ള അവസാനത്തെയാൾക്കും നൽകും

ആലപ്പുഴ: സർക്കാർ പ്രഖ്യാപിച്ച ധനസഹായം 10, 000 രൂപ അർഹതയുള്ള അവസാനത്തെ ആൾക്കും കൊടുക്കുമെന്ന് മന്ത്രി ജി.സുധാകരൻ പറഞ്ഞു. ഓരോ മണ്ഡലത്തിലും ഇതിനായി അദാലത്ത് നടത്തും. അതിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുക്കും. കിറ്റ് കിട്ടാതെപോയ ആളുകൾക്കും അർഹതയുള്ളവർക്ക് എത്തിക്കുമെന്നും മന്ത്രി പറഞ്ഞു. 1,06659 പേർക്ക് ജില്ലയിൽ ഇന്നലെ വരെ 10,000 രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 154819 പേർക്ക് കിറ്റ് നൽകിയതായാണ് കണക്ക്. ചിലയിടങ്ങളിൽ ഏതെങ്കിലും കാരണത്താൽ കിട്ടിയിട്ടില്ലെങ്കിൽ പരിഹരിക്കാനാണ് അദാലത്ത്. എല്ലാവരുടെയും പരാതി പരിഹരിച്ച് അവസാനയാൾക്കും കിട്ടിയെന്നുറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

## കാലാവസ്ഥ വ്യതിയാനം: സംസ്ഥാനത്ത് ചൂട് കൂടുന്നു

ആലപ്പുഴ: സംസ്ഥാനത്ത് ചൂടുകൂടുന്നതായി കാലാവസ്ഥ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ്. പ്രളയത്തിന് ശേഷം മുമ്പെങ്ങുമില്ലാത്ത വിധം അന്തരീക്ഷ താപനില ഉയർന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ കാലാവസ്ഥയിലുണ്ടായിരിക്കുന്ന ഈ പുതിയ മാറ്റങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുകയാണ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. ജലാശയങ്ങളിലെ വെള്ളത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞതും മിക്ക നദികളിലെ നീരൊഴുക്ക് കുറഞ്ഞതും വേനൽക്കാലത്തെപ്പോലെ പാടങ്ങൾ വിണ്ടുകീറുന്നതുമെല്ലാം ജനങ്ങൾക്കിടയിൽ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്.

ആലപ്പുഴ, കോട്ടയം, കോഴിക്കോട്, പാലക്കാട് ജില്ലകളിലാണ് ക്രമീതീതമായി താപനില ഉയർന്നിരിക്കുന്നത്. ഈ ജില്ലകളിൽ സാധാരണ വർഷങ്ങളിലെ സെപ്റ്റംബർ മാസങ്ങളിൽ അനുഭവപ്പെടുന്നതിനെക്കാൾ രണ്ട് ശതമാനം വരെ ചൂട് കൂടിയതായി കാലവസ്ഥ നിരീക്ഷണ കേന്ദ്രം ഡയറക്ടർ കെ.സന്തോഷ് പറഞ്ഞു. 24.3 ഡിഗ്രി മുതൽ 35 ഡിഗ്രിവരെയാണ് ഈ പ്രദേശങ്ങളിലിപ്പോഴുള്ള താപനില. മൺസൂൺ ദുർബലമായതും വടക്കുപടിഞ്ഞാറൻ കാറ്റുവീശുന്നതുമാണ് ചൂട് കൂടാൻ കാരണം. സെപ്റ്റംബർ 21വരെ തൽസ്ഥിതി തുടരുമെന്ന പ്രവചനത്തിലാണ് നിരീക്ഷണ കേന്ദ്രം.

കേരളമുൾപ്പെടുന്ന തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം സ്ഥിതിയിതുതന്നെ.വരുന്ന രണ്ടാഴ്ചകളിൽ ചൂട് ഇനിയും ഉയരും.

പ്രളയം ഏറെ നാശം വിതച്ച ആലപ്പുഴ ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. പകൽ സമയത്താണ് അന്തരീക്ഷ താപനില ക്രമാതീതമായി ഉയരുന്നത്. പതിവിന് വിപരീതമായി അതിരാവിലെ മാത്രമാണ് ജില്ലയിൽ കുറഞ്ഞ ചൂട് അനുഭവപ്പെടുന്നത്. ശരാശരി താപനിലയിലെ വ്യതിയാനത്തിന് പുറമേ ജില്ലയിൽ ഇത്തവണ ലഭിച്ച മഴയും കുറവാണെന്ന് ഡയറക്ടർ വ്യക്തമാക്കി.